# ഹയർ സെക്കന്ററി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## സംഗ്രഹം

ഹയർ സെക്കന്ററി വിദ്യാഭ്യാസം – ജീവനക്കാര്യം – പൊതുവിദ്യാഭ്യാസ വകുപ്പ് – സബോർഡിനേറ്റ് സർവ്വീസിലെ യോഗ്യരായ അധ്യാപകരുടെ – തസ്തികമാറ്റ നിയമനം – ഹയർ സെക്കന്ററി ബോട്ടണി (ജൂനിയർ) അധ്യാപക തസ്തികയിൽ – 16180 – 29180/- രൂപ ശമ്പളസ്കെയിലിൽ – നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം. എഡി.സി2/8360/2011      തീയതി : 24.10.2011

പരാമർശം : 1. 16/04/2001 ലെ സർക്കാർ ഉത്തരവ് നം.144/2001/പൊ.വി.വ.
2. 21.12.2010 ലെ എഡി.ബി2/2701/ഹ.സെ.വി/08 നം ഉത്തരവ്

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവിന് വിധേയമായി കേരള ഗവ: ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപക തസ്തികകളിൽ 31/07/2008 വരെ കാലയളവിൽ തസ്തികമാറ്റം വഴി നിയമനം നടത്താവുന്ന ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി പൊതു വിദ്യാഭ്യാസവകുപ്പിലെ യോഗ്യരായ അധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി.

പരാമർശം (2) പ്രകാരം പ്രസ്തുത അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ്, ഓരോ തസ്തികയിലെയും ഒഴിവുകളുടെ ലഭ്യത ഇവ പ്രസിദ്ധീകരിച്ചു.

മേൽ സാഹചര്യത്തിൽ താഴെപ്പറയുന്ന യോഗ്യരായ എച്ച്.എസ്.എ മാരെ അവരുടെ പേരിനുനേരെ സൂചിപ്പിച്ചിരിക്കുന്ന സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ ബോട്ടണി ആയി 16180 – 29180/- രൂപ ശമ്പളസ്കെയിലിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേരും വിലാസവും | തസ്തികമാറ്റംവഴി നിയമിക്കപ്പെട്ട സ്കൂൾ |
|---|---|---|---|
| 1. | 36 | Dr.Sibichan Varghese<br>GHSS Mavoor, Kozhikode | GHSS Paivalike, Kasaragode (14081) |
| 2. | 37 | Smt. Asmabi .V.<br>Govt. Model HSS Kozhikode | GHSS Bekkoor,Kasaragode (14063) |
| 3. | 38 | Sri.Sajith .A.<br>Govt. Ganapath Model HSS Kozhikode | GHSS Meppady, Wayanad ( ) |

| | | | |
|---|---|---|---|
| 4. | 39 | Smt. Sreelatha .V.<br>GVHSS Cherpulassery, Palakkad | GHSS Kakkavayal, Wayanad (12033) |
| 5. | 40 | Smt. Beena K.R.<br>GHSS Chalisserry,Palakkad | GHSS Balla Est, Kasaragode (14060) |
| 6. | 41 | Smt.K.K. Sherlija<br>Govt. Janatha HS Naduvastom, Palakkad | GHSS Chemmanad, Kasaragode (14056) |
| 7. | 42 | Sri. R. Vinesh<br>GHSS Vadammjurissi,Palakkad | GVHSS Mulleriya, Kasaragode (14045) |
| 8. | 43 | Sri.Navas M.A.<br>GHSS Pattambi,Palakkad | GMVHSS Thalangara,Kasaragode (14046) |
| 9. | 44 | Smt. Santhi .S.<br>GHSS Kottayi,Palakkad | GHSS Paivalika Nagar, Kasaragod (14014) |
| 10. | 45 | Sri.Jose Jacob<br>GHSS Kumaranellur, Palakkad | GHSS Perikkalloor,Wayanad (12038) |
| 11. | 46 | Sri.Rajesh P.G.<br>GVHSS Vattenad, Palakkad | GHSS Valar,Wayanad (12012) |

2011 – 2012 ലെ പൊതുസ്ഥലംമാറ്റ സമയത്ത് പൊതുസ്ഥലംമാറ്റ നിയമങ്ങൾക്കനുസൃതമായി കൂടുതൽ അർഹരായവർ/സീനിയർ അധ്യാപകർ ഈ സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്നപക്ഷം, അധ്യാപകനെ/അധ്യാപികയെ ഇപ്പോൾ നിയമിച്ചിരിക്കുന്ന സ്കൂളുകളിൽനിന്നും മാറ്റി നിയമിക്കുന്നതാണെന്ന് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.

തസ്തികമാറ്റ നിയമനം ലഭിച്ച അധ്യാപകർ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

അപേക്ഷയിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നതിനാൽ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ളതും സീനിയോറിറ്റി ലിസ്റ്റിൽ സൂചിപ്പിച്ചിരിക്കുന്നതുമായ എല്ലാ യോഗ്യതകളും നേടിയിട്ടുള്ളവരാണ് നിയുക്ത അധ്യാപകർ എന്ന് പ്രിൻസിപ്പൽമാർ അസൽ പ്രമാണങ്ങളും രേഖകളും പരിശോധിച്ചുറപ്പുവരുത്തിയതിനുശേഷം മാത്രം അവരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റം നേടിയ അധ്യാപകരുടെ സീനിയോറിറ്റി പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിമുതൽക്കുമാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും 31/07/2008 ന് ആ ജില്ലയിൽ 2 വർഷ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്. സർവ്വീസ്, യോഗ്യതകൾ ഇവ സംബന്ധിച്ച ഏതെങ്കിലും വിവരങ്ങൾ

മറച്ചുവച്ച് തസ്തികമാറ്റ നിയമനം നേടിയതായി ഭാവിയിൽ ബോധ്യപ്പെടുന്നപക്ഷം അത്തര ത്തിൽ നിയമനം നേടിയ അധ്യാപകന്റെ/അധ്യാപികയുടെ തസ്തികമാറ്റ നിയമനം റദ്ദാക്കു ന്നതിനുള്ള അധികാരം ഹയർ സെക്കന്ററി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

തസ്തികമാറ്റ നിയമനം ലഭിച്ച അധ്യാപകർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ജോലി യിൽ പ്രവേശിച്ചോ ഇല്ലയോ എന്ന വിവരം പ്രിൻസിപ്പൽമാർ യഥാസമയം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്.

**ഒപ്പ്**
**പി.എസ്.മുഹമ്മദ് സഗീർ ഐ എ എസ്**
**ഡയറക്ടർ**

ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
ബന്ധപ്പെട്ട പ്രിൻസിപ്പൽ,
ബന്ധപ്പെട്ട പ്രധാന അധ്യാപകൻ/അധ്യാപിക
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)
തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)
കരുതൽ ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്

21